പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4307 21.07.2015 - ൽ മറുപടിയ്ക്ക്

**ഓർഫനേജ് കൺട്രോൾ ബോർഡ്**

ചോദ്യം
പ്രൊഫ.സി.രവീന്ദ്രനാഥ്

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

<table>
<tr><td>(എ)</td><td>ഓർഫനേജ് കൺട്രോൾ ബോർഡിൽ എത്ര ജീവനക്കാരാണ് ഉള്ളതെന്ന് വിശദമാക്കാമോ ;</td><td>(എ)</td><td>ഓർഫനേജ് കൺട്രോൾ ബോർഡിൽ നിലവിലുള്ള ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.<br><table><tr><td>1</td><td>മെമ്പർ സെക്രട്ടറി</td><td>1</td></tr><tr><td>2</td><td>പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 2</td><td>1</td></tr><tr><td>3</td><td>എൽ.ഡി.ക്ലാർക്ക്</td><td>2</td></tr><tr><td>4</td><td>ഡി.റ്റി.പി ഓപ്പറേറ്റർ</td><td>1</td></tr><tr><td>5</td><td>ഓഫീസ് അറ്റൻഡന്റ്</td><td>1</td></tr><tr><td>6</td><td>കാഷ്വൽ സ്വീപ്പർ</td><td>1</td></tr><tr><td>7</td><td>കൗൺസിലർമാർ</td><td>40</td></tr></table></td></tr>
<tr><td>(ബി)</td><td>ഇവരുടെ ശമ്പളം എപ്രകാരമാണ് നൽകുന്നത് ; നിലവിൽ ജീവനക്കാർക്ക് ശമ്പള കടിശ്ശിക ഉണ്ടോ എന്ന് വ്യക്തമാക്കാമോ ;</td><td>(ബി)</td><td>ഓർഫനേജ് കൺട്രോൾ ബോർഡ് ജീവനക്കാർക്കും, ബോർഡ് അംഗങ്ങൾക്കും കൗൺസിലർമാർക്കും ശമ്പളവും, ഹോണറേറിയവും നൽകുന്നതിനുള്ള തുക വകയിരുത്തുന്നത് 2235-02-104-89 (NP)31 ഗ്രാന്റ് ഇൻ എയ്ഡ് ജനറൽ സാലറി ശീർഷകത്തിലാണ്. ടി ശീർഷകത്തിൽ നിന്നും സർക്കാർ ഉത്തരവിലൂടെ റിലീസ് ചെയ്യുന്ന തുക സാമൂഹ്യനീതി ഡയറക്ടർ ഓർഫനേജ് കൺട്രോൾ ബോർഡ് ചെയർമാന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ ജില്ലാ ട്രഷറിയിൽ നിലവിലുള്ള പി ഡി അക്കൗണ്ടിൽ (നം. 2283/1) നിക്ഷേപിക്കുന്നു. പി.ഡി അക്കൗണ്ടിൽ നിന്നും ചെക്ക് മുഖേനയാണ് ജീവനക്കാർക്കും, കൗൺസിലർമാർക്കും ശമ്പളവും ഹോണറേറിയവും നൽകുന്നത്.</td></tr>
</table>

| | | | |
|---|---|---|---|
| | | | നിലവിൽ ജീവനക്കാർക്ക് ശമ്പള കുടിശ്ശിക നൽകാനുണ്ട് |
| (സി) | ജീവനക്കാർക്ക് 2015-16 കാലയളവിലെ ശമ്പളം നൽകുന്നതിനായി മുഴുവൻ തുകയും വക കൊള്ളിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ